# Malayala Manorama
# 31 August 2018
# Sreemoolanagaram: After Flood, Natural Water

## നല്ല വെള്ളത്തിനായി നല്ല മനസ്സുള്ള സംഘമെത്തി



**മലിനമായ കിണറുകൾ കിഴക്കമ്പലം ജെ ആൻഡ് പി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ശുചീകരിക്കുന്നു.**

ശ്രീമൂലനഗരം ● പ്രളയത്തിൽ മുങ്ങി കുടിവെള്ളത്തിനായി കഷ്ടപ്പെടുന്ന ശ്രീമൂലനഗരം പഞ്ചായത്തിൽ രക്ഷകരായി എത്തിയിരിക്കുകയാണു കിഴക്കമ്പലം ജെ ആൻഡ് പി ഗ്രൂപ്പ്. കിഴക്കമ്പലം പുഞ്ചപുതുശേരി പീറ്റർ ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം മലിനജലം നിറഞ്ഞ എണ്ണായിരത്തോളം കിണറുകളാണു ശുചിയാക്കുന്നത്. എഴുപതിനായിരം രൂപ ചെലവു വരുന്ന ഈ പ്രവൃത്തി സൗജന്യമായാണു ചെയ്യുന്നത്. പഞ്ചായത്തിന്റെ ക്ഷണപ്രകാരമാണു ജെ ആൻഡ് പി ഗ്രൂപ്പ് ശ്രീമൂലനഗരത്ത് എത്തിയത്. ജെ ആൻഡ് പി ഗ്രൂപ്പിന്റെ വലിയ സംഘം ശ്രീമൂലനഗരം പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

അറുപതോളം മോട്ടോറുകളും അറുപത്തിയഞ്ചോളം ജനറേറ്ററുകളും 15 വാഹനങ്ങളും ഉപയോഗിച്ചാണു സംഘം പ്രവർത്തിക്കുന്നത്. അറുപതോളം ഓപ്പറേറ്റർമാരും എഴുപതോളം ഹെൽപ്പർമാരും സംഘത്തിലുണ്ട്. ഇവർ ഓരോ വീട്ടിലും ചെന്നു മോട്ടോർ ഉപയോഗിച്ചു കിണറുകളിലെ വെള്ളം വറ്റിച്ചതിനു ശേഷം ബ്ലീച്ചിങ് പൗഡറിട്ടു ശുദ്ധീകരിക്കുന്നു. കിണറുകളിൽ നല്ല ഉറവയുള്ളതിനാൽ വെള്ളം വറ്റിക്കാൻ കുടുതൽ സമയമെടുക്കുന്നു. രണ്ടു മാസത്തിനുള്ളിൽ എല്ലാ കിണറുകളും ശുദ്ധീകരിക്കാനാണു ലക്ഷ്യമിടുന്നതെന്നു പീറ്റർ ജോസഫ് പറഞ്ഞു. പല സ്ഥലങ്ങളിൽനിന്നും കിണർ ശുചീകരണത്തിനു ക്ഷണിച്ചെങ്കിലും ഒരു പഞ്ചായത്തിലെ കിണറുകൾ മുഴുവനും ശുദ്ധീകരിക്കുക എന്ന വലിയ ദൗത്യം ഏറ്റെടുക്കുകയായിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. ജെ ആൻഡ് പി ഗ്രൂപ്പ് ഡയറക്ടർമാരായ ജെയിംസ് ജോസഫ്, എം.പി. രാജൻ, ഏലിയാസ് കരിപ്ര, ജേക്കബ് മാത്യു എന്നിവരും കിണർ ശുചീകരണ സ്ഥലത്തു സജീവമായുണ്ട്. അൻവർ സാദത്ത് എംഎൽഎ സ്ഥലത്തെത്തി പ്രവൃത്തികൾ കാണുകയും ജെ ആൻഡ് പി ഗ്രൂപ്പിനെ അഭിനന്ദിക്കുകയും ചെയ്തു.

കിണറുകൾ ഉപയോഗശൂന്യമായതിനെ തുടർന്നു കുടിവെള്ളം കിട്ടാതെ പ്രതിസന്ധിയിലായിരുന്നു പഞ്ചായത്ത് നിവാസികൾ. കിണർ ശുചീകരണ തൊഴിലാളികൾ എല്ലായിടത്തും തിരക്കിലായതിനാൽ എന്നു കിണർ ശുദ്ധീകരിക്കാനാവുമെന്നു നിശ്ചയമില്ലാത്ത അവസ്ഥയായിരുന്നു. ഈ സാഹചര്യത്തിൽ ജെ ആൻഡ് പി ഗ്രൂപ്പിന്റെ സഹായ സേവനം ശ്രീമൂലനഗരം പഞ്ചായത്ത് നിവാസികൾക്ക് ആശ്വാസമായി. എല്ലാ കിണറുകളും സൗജന്യമായി വൃത്തിയാക്കിക്കൊടുക്കുന്നതു മറ്റാരും ചെയ്യാത്ത പ്രവൃത്തിയാണെന്നു പഞ്ചായത്ത് പ്രസിഡന്റ് അൽഫോൻസ വർഗീസ് പറഞ്ഞു.